OFFICE OF THE REGISTRAR ... THIRUVANANTHAPURAM
12 JAN 2018



കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - ലേബർ കോൺട്രാക്ട് സഹകരണ സംഘം - പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായിട്ടുള്ള മുൻഗണനാ വ്യവസ്ഥകളും ഉപാധികളും പരിഷ്കരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (പാർലമെന്റ്) വകുപ്പ്**

സ.ഉ.(കൈ) നം. 1/2018/സഹ. തീയതി, തിരുവനന്തപുരം, 09/01/2018

---

പരാമർശം :-
1. 13.11.1997 ലെ സ.ഉ(കൈ) നമ്പർ 135/97/സഹ
2. 28.01.2002 ലെ സ.ഉ(കൈ) നമ്പർ 04/2002/സഹ
3. 31.10.2011 ലെ സ.ഉ(കൈ) നമ്പർ 153/2011/സഹ
4. 26.06.2014 ലെ സ.ഉ(കൈ) നമ്പർ 84/2014/സഹ
5. 17.04.2015 ലെ സ.ഉ(സാധാ) നമ്പർ 224/15/സഹ
6. 02.05.2016 ലെ സ.ഉ(കൈ) നമ്പർ 28/16/സഹ
7. 29.06.2016 ലെ സ.ഉ(കൈ) നമ്പർ 31/16/സഹ
8. സഹകരണ സംഘം രജിസ്ട്രാറുടെ 20.09.2016, 19.10.2017, 26.10.2017 എന്നീ തീയതികളിലെ എം.റ്റി(1) 6232/15 നമ്പർ കത്തുകൾ
9. ശ്രീ. ജഗന്നാഥൻ, ശ്രീ. പ്രദീപ് എന്നിവർ ഫയൽ ചെയ്ത 12738/17 നമ്പർ റിട്ട് ഹർജിയിൻമേൽ ബഹു. ഹൈക്കോടതിയുടെ 01.06.2017 ലെ വിധിന്യായം

**<u>ഉത്തരവ്</u>**

ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനാ വ്യവസ്ഥകളും പദ്ധതികളും പരിഷ്കരിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (5) പ്രകാരം കേരള സ്റ്റേറ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി വെൽഫെയർ അസോസിയേഷന്റെ വിവിധ ആവശ്യങ്ങൾ ചർച്ച ചെയ്ത് പ്രായോഗിക നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകളിന്മേൽ

പരാമർശം (8) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുൻഗണന ലഭിക്കുന്നതിനുള്ള നിബന്ധനകളും വ്യവസ്ഥകളും, ഏറ്റെടുക്കാവുന്ന പ്രവർത്തികൾ, ക്ലാസിഫിക്കേഷൻ നൽകുന്നതിനുള്ള വ്യവസ്ഥകൾ തുടങ്ങിയവ പരാമർശം (1) ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. പരാമർശം (2), (4), (7) പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന വർക്കിന്റെ പരിധി വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. പരാമർശം (7) ഉത്തരവ് പ്രകാരം നിലവിൽ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന ഒരു വർക്കിന്റെ പരിധി, ഏറ്റെടുക്കാവുന്ന ആകെ വർക്കുകളുടെ പരിധി ഓരോ സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ അനുസരിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

3. ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ വർക്ക് ഏറ്റെടുക്കുന്നതിനുള്ള യോഗ്യത നേടുന്നതിന് മുന്നോടിയായി 10% ബാങ്ക് ഗ്യാരന്റി നൽകണമെന്നുള്ള വ്യവസ്ഥയിൽ നിന്നും ടി സംഘങ്ങളെ ഒഴിവാക്കിയും ഏറ്റെടുത്ത വർക്കുകളിൽ കോൺട്രാക്ട് എഗ്രിമെന്റിൽ വ്യതിയാനം വരുത്തുകയോ ജോലി പൂർത്തിയാക്കാതെ ഉപേക്ഷിച്ച് പൊതു ഖജനാവിന് നഷ്ടം വരുത്തുകയോ ചെയ്തിട്ടുള്ള സംഘങ്ങളെ ജോയിന്റ് രജിസ്ട്രാറുമായി കൂടിയാലോചിച്ച് കരിമ്പട്ടികയിൽ പെടുത്തുന്നതിനും അത്തരം കേസുകളിൽ നഷ്ടം വരുത്തിയ തുക, പലിശ, പിഴപ്പലിശ, സർവ്വീസ് ചാർജ്ജ് എന്നിവ ഉൾപ്പെടെ ബന്ധപ്പെട്ട സൊസൈറ്റി ഭാരവാഹികളിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതിനും വർക്ക് നൽകുന്ന അധികാരിക്ക് ചുമതല നൽകിയുമുള്ള വ്യവസ്ഥ ഖണ്ഡിക 17(എ) ആയി പരാമർശം (1) ഉത്തരവിൽ കൂട്ടിച്ചേർത്ത് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

4. പരാമർശം (6) ഉത്തരവ് പ്രകാരം പരാമർശം (1) ലെ ഖണ്ഡിക (10) ൽ "സെക്യൂരിറ്റി ഡെപ്പോസിറ്റ്" എന്ന പദത്തിനു പകരം "പെർഫോർമൻസ് ഗ്യാരണ്ടി" എന്ന പദം ചേർത്ത് പുതുക്കി ഉത്തരവായിരുന്നു.

5. പരാമർശം (5) ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാർ പരാമർശം (8) പ്രകാരം സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും പരാമർശം (9) ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം കണക്കിലെടുത്തും പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 4(vi), 5(a), 9, 16 എന്നിവ ചുവടെ ചേർക്കും പ്രകാരം ഭാഗികമായി ഭേദഗതി വരുത്തിയും ഖണ്ഡിക 7(g) കൂട്ടിച്ചേർത്തും താഴെ പറയും പ്രകാരം ഉത്തരവാകുന്നു.

എ) ഖണ്ഡിക 4(vi) – ഒരു വർഷത്തിനുള്ളിൽ ഏറ്റെടുക്കാവുന്ന നിർമ്മാണ പ്രവൃത്തികൾക്ക് പ്രത്യേകം പ്രത്യേകം എലിജിബിലിറ്റി സർട്ടിഫിക്കറ്റ് നിഷ്കർഷിക്കുന്നത് പ്രായോഗികമല്ല. അതിനാൽ ജോയിന്റ് രജിസ്ട്രാർ നൽകേണ്ട എലിജിബിലിറ്റി സർട്ടിഫിക്കറ്റിന്റെ കാലാവധി പരാമർശം (7) ഉത്തരവിലെ നിബന്ധനകൾക്കും ഇതര നിബന്ധനകൾക്കും വിധേയമായി ഒരു വർഷമായിരിക്കും.

ബി) ഖണ്ഡിക 5(a) -സംഘങ്ങളുടെ ക്ലാസിഫിക്കേഷൻ 5 വർഷത്തിലൊരിക്കൽ പുതുക്കി നിശ്ചയിക്കേണ്ടതാണ്. ആയതിന് നിശ്ചയിച്ചിരുന്ന മാനദണ്ഡം താഴെ പറയും പ്രകാരം ഭാഗീകമായി ഭേദഗതി ചെയ്യുന്നു.

| ക്ലാസിഫിക്കേഷൻ | മുൻ വർഷങ്ങളിൽ ഏറ്റെടുത്ത വർക്കുകളുടെ ശരാശരി വാർഷിക തുക (നിലവിലെ രീതി) | മുൻ വർഷങ്ങളിൽ ഏറ്റെടുത്ത വർക്കുകളുടെ ശരാശരി വാർഷിക തുക (ഭേദഗതി) |
|---|---|---|
| എ | അവസാന മൂന്ന് വർഷം ശരാശരി 20 ലക്ഷം രൂപ | അവസാന 5 വർഷം ശരാശരി 80 ലക്ഷം രൂപ |
| ബി | അവസാന രണ്ട് വർഷം ശരാശരി 10 ലക്ഷം രൂപ | അവസാന 5 വർഷം ശരാശരി 40 ലക്ഷം രൂപ |
| സി | - | അവസാന 5 വർഷം ശരാശരി 20 ലക്ഷം രൂപ |

'സി' ക്ലാസിഫിക്കേഷൻ സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർമാരും 'എ', 'ബി' ക്ലാസിഫിക്കേഷൻ സഹകരണ സംഘം ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘം രജിസ്ട്രാറും നൽകേണ്ടതാണ്.

സി) ഖണ്ഡിക 7- പരാമർശം (1) ഉത്തരവിൽ ഖണ്ഡിക (7) (g) ആയി ഹൈവേയുടെ പ്രവർത്തികൾ കൂട്ടിച്ചേർക്കുന്നു.

ഡി) ഖണ്ഡിക 9- എല്ലാ തരം പ്രവർത്തികളുടെയും അടങ്കൽ തുകയുടെ 25 ശതമാനം പരിധിയില്ലാതെ ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് മുൻകൂർ അനുവദിക്കാവുന്നതും ഇങ്ങനെ അനുവദിച്ച മുൻകൂർ നീക്കിയിരിപ്പ് 25 ശതമാനത്തിൽ കൂടുതൽ ഒരു സന്ദർഭത്തിൽ പോലും അധികരിക്കുവാൻ പാടില്ലാത്തതുമാണ്.

ഇ) ഖണ്ഡിക (16) : സർക്കാരിൽ നിന്നും അനുവദിച്ച് കിട്ടുന്ന ആനുകൂല്യങ്ങൾ ഉപയോഗിച്ച് കൊണ്ട് പ്രവൃത്തികൾ ഏറ്റെടുക്കുകയും പിന്നീട് സ്വകാര്യ വ്യക്തികൾക്കോ കരാറുകാർക്കോ കൈമാറ്റം ചെയ്യുകയും ചെയ്യുന്ന സാഹചര്യം ഒഴിവാക്കുവാൻ ബന്ധപ്പെട്ട വകുപ്പധികൃതരും സഹകരണ വകുപ്പ് അധികൃതരും പരിശോധന നടത്തുകയും നിയമവിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ കൈമാറ്റം ചെയ്തിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ടി നിബന്ധനക്കും പരാമർശം (1) ഉത്തരവിലെയും അനുബന്ധ ഭേദഗതി ഉത്തരവുകളിലെയും എല്ലാ നിബന്ധനകൾക്കും വിരുദ്ധമായി ഏതെങ്കിലും സംഘങ്ങൾ പ്രവൃത്തിച്ചിട്ടുണ്ട് എന്ന് കണ്ടെത്തുന്ന പക്ഷം അത്തരം സംഘങ്ങളെ നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ച് കരിമ്പട്ടികയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

6. പരാമർശം (9) ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായം പ്രകാരം ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്കെതിരെയുള്ള ആരോപണങ്ങളിൻമേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ റിപ്പോർട്ട് നടപ്പിലാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. പരാമർശം (1) ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന പ്രസ്തുത വിജിലൻസ് റിപ്പോർട്ടിലെ 3-ാം നമ്പർ ശുപാർശ മേൽ ഖണ്ഡിക 16 ലെ ഭേദഗതി പ്രകാരം നടപ്പിലാക്കിയും ഇതിനാൽ ഉത്തരവാകുന്നു.

7. മേൽ ഭേദഗതികളോടെ പരാമർശം (1) ഉം അനുബന്ധ ഭേദഗതി ഉത്തരവുകളും നിലനിൽക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**പി.വേണുഗോപാൽ ഐ.എ.എസ്**

**ഗവൺമെന്റ് സെക്രട്ടറി**

അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ ആഡിറ്റ്, കേരള
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
ചീഫ് എൻജിനീയർ (റോഡ്സ് & ബ്രിഡ്ജസ്) (ബി & എൽ.വി) / ജലസേചനം തിരുവനന്തപുരം
ചീഫ് എൻജിനീയർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം
ചീഫ് എൻജിനീയർ, ഹാർബർ എൻജിനീയറിംഗ് വകുപ്പ്
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
ജലവിഭവ വകുപ്പ്
തദ്ദേശസ്വയംഭരണ വകുപ്പ്
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
പ്രസിഡന്റ്, കേരള സ്റ്റേറ്റ് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് വെൽഫയർ അസോസിയേഷൻ, മണ്ണന്തല, തിരുവനന്തപുരം

പകർപ്പ്
സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ